Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

29/04/2020

**മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,**

ഈ ലോക്ഡൗൺ കാലഘട്ടത്തിൽ നമ്മുടെ എല്ലാവരുടേയും ഹൃദയങ്ങളിൽ നിന്നുയരുന്ന പ്രാർത്ഥന സൗഖ്യത്തിനുവേണ്ടിയുള്ളതാണ്. "ദാവീദിന്റെ പുത്രാ ഞങ്ങളിൽ കനിയണമേ" എന്ന് കരഞ്ഞ് അപേക്ഷിച്ച അന്ധരെ സുഖപ്പെടുത്തിയ കാരുണ്യവാനായ കർത്താവ് നമ്മുടേയും പ്രാർത്ഥന കേൾക്കും.

കേരളത്തിലെ മതനേതാക്കൾ 2020 മെയ് മാസം 3-ാം തീയതി പ്രാർത്ഥനാദിനമായി ആചരിക്കാൻ ആഹ്വാനം ചെയ്തിട്ടുണ്ട്. കോവിഡ് മൂലം മരിച്ചവർക്കും ചികിത്സയിലുള്ളവർക്കും വൈറസ് പ്രതിരോധത്തിനായി അക്ഷീണം യത്നിക്കുന്ന ആരോഗ്യപ്രവർത്തകർക്കും ഭരണകർത്താക്കൾക്കും വേണ്ടി പ്രാർത്ഥിക്കുന്ന ഈ ദിനത്തിൽ നമുക്കും പങ്കുചേരാം. ജനങ്ങളുടെ കൂട്ടായ്മയും ഐക്യവും ജാതിമതവ്യത്യാസമില്ലാതെ പ്രകടമാകുന്ന സവിശേഷ അവസരമാണിത്. നമ്മുടെ അതിരൂപതയിൽ അന്നേ ദിവസം എല്ലാ ഇടവകകളിലും 12 മണിക്കൂർ അഖണ്ഡ ജപമാല/കരുണക്കൊന്ത ചൊല്ലി (സാധിക്കുമെങ്കിൽ രാവിലെ 8 മുതൽ രാത്രി 8 വരെ) ഈ പ്രാർത്ഥനാദിനം അനുഗ്രഹപ്രദമാക്കാം. ഇടവകയിലെ ഓരോ കുടുംബയൂണിറ്റിലേയും കുടുംബങ്ങൾക്ക് സമയം നിശ്ചയിച്ച് നൽകി, വീട്ടിലിരുന്നുകൊണ്ട് തന്നെ ജപമാല/കരുണക്കൊന്ത ചൊല്ലുന്നതാണ് ഉചിതം.

ലോകം മുഴുവൻ ദുരിതം അനുഭവിക്കുന്ന ഈ പ്രത്യേക സാഹചര്യത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ കുടുംബങ്ങളിലെ പ്രാർത്ഥനയുടെ ആവശ്യകതയെപ്പറ്റി ഓർമ്മിപ്പിക്കുകയും ജപമാലയോടു ചേർന്ന് മെയ് മാസത്തിൽ ചൊല്ലാവുന്ന രണ്ടു പ്രാർത്ഥനകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രാർത്ഥനകൾ ഇതോടൊപ്പം അയയ്ക്കുന്നു.

സാമ്പത്തിക മാന്ദ്യം പ്രതീക്ഷിക്കുന്ന കോവിഡാനന്തരനാളുകളിൽ ഭക്ഷ്യ സ്വയംപര്യാപ്തതയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് തരിശുഭൂമികൾ കൃഷിചെയ്യുവാൻ സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. നമ്മുടെ പള്ളിയുടേയോ സന്ന്യസ്ത ഭവനങ്ങളുടേയോ സന്മനസ്സുള്ള വ്യക്തികളുടേയോ തരിശുഭൂമികൾ കൃഷിക്കുവേണ്ടി ഉപയോഗിക്കുന്നത് സാമൂഹിക പ്രതിബദ്ധതയുടെ അടയാളവും ആത്മീയപ്രവൃത്തിയുമാണ്.

ഈ കാലഘട്ടം, പ്രാർത്ഥനയുടേയും ലാളിത്യത്തിന്റേയും പുനർനിർമ്മിതിയെപ്പറ്റിയുള്ള ക്രിയാത്മകമായ ചിന്തകളുടേയും സമയമാകട്ടെ. ഇക്കാര്യങ്ങൾ ഇടവകയിലെ സാമൂഹികസമ്പർക്ക മാധ്യമങ്ങൾ വഴി എല്ലാവരേയും അറിയിക്കുമല്ലോ.

മിശിഹായിൽ സ്നേഹപൂർവ്വം,

+A Kariyil

**ആർച്ചുബിഷപ്പ് ആന്റണി കരിയിൽ**
മെത്രാപ്പോലീത്തൻ വികാരി
എറണാകുളം-അങ്കമാലി അതിരൂപത

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY •